കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 4/1804/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –06/02/2019.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരിനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരിനാട് ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം

3)കാര്യാലയ പകർപ്പ്

j

നം.കെ.എസ്.എ.കെ.എൽ.എം.പി-4/1804/2018 തീയതി: 06/02/2019

## കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02.10.17 മുതൽ 30.09.18 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യു റോയി. കെ. പി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.10.18 മുതൽ 12.10.18 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. അമ്പിളി എം.ഡി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.നവീൻ ചന്ദ്രൻ | |
| | ശ്രീമതി. റ്റി സിന്ധു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീബാ കൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അനു. കെ. ആനന്ദ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ അനിൽ | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.ബാബുരാജ് | 01-04-2017 മുതൽ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.സന്തോഷ് കുമാർ.എസ് | 01-4-2017മുതൽ 31-03-2018 വരെ |
| വി.ഇ.ഒ – 1 | ശ്രീ..കൃഷ്ണപ്രസാദ് | 1-4-2017 മുതൽ 31-3-2018വരെ |
| | ശ്രീമതി ബിന്ദു.പി. | 01-04-2017മുതൽ 31-03-201 8 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സമീന | 01-04-2017മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബൈജു. ജി | 01-4-2017മുതൽ 31-03-2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശ്രീകുമാരി | 01-4-2017മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| എം.ഒ. ആയുർവേദം | ഡോ. പി.കെ.ചിത്ര | 01-04-2017 മുതൽ 05-04-2017 വരെ |
| | ഡോ.രാജശ്രീ | 06.04.2017 മുതൽ 31.03.2018 വരെ |
| എം.ഒ., പി.എച്ച്.സി | ഡോ.ജോമി തോമസ് | 01-04-2017 മുതൽ 31-07-2017 വരെ |
| | ഡോ.ജൂന | 1.08.2017 മുതൽ 31.03.2018 വരെ |
| എം.ഒ.ഹോമിയോ | ഡോ.അഞ്ജനാ.എസ്.പിള്ള | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബിജു.ഡി | 01-04-2017മുതൽ 31-03-2018 വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഷീല.എൽ | 01-04-2017 മുതൽ 15.6.2017 വരെ |
| | ശ്രീമതി.സുചിത്രാദേവി.എം | 16.06.2017 മുതൽ 18.11.2017 വരെ |
| | ശ്രീമതി.ലീലാമണി.എസ് | 19.11.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറിസർജൻ | ശ്രീമതി.സാട്ടിയ വാഷിംഗ്ടൺ | 01-04-2017 മുതൽ 31-03-2018വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ്പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | പണം കൈകാര്യം ചെയ്യുന്നതിലെ വീഴ്ച. | 2-1 |
| 14 | ലേലതുക ഈടാക്കിയിട്ടില്ല. 47,400/- രൂപ നഷ്ടം | 2-2 |
| 15 | ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-3 |
| | ഭാഗം 3 | |
| 16 | ദിവസവേതനാടിസ്ഥാനത്തിൽ ക്ളാർക്കിന്റെ നിയമനം -നടപടിക്രമങ്ങൾ പാലിച്ചില്ല,1,03,305/-രൂപാ തടസ്സം | 3-1 |
| 17 | സോളാർ പാനൽ ഇൻസ്റ്റലേഷൻ-സബ്സിഡി ആനുകൂല്യം ലഭിച്ചിട്ടില്ല-പദ്ധതി സമയബന്ധിതമായി നടപ്പാക്കിയില്ല. | 3-2 |
| 18 | കശുമാവിൻ തൈകൾ വിതരണം ചെയ്തിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 19 | ജലസേചന കിണർ-പദ്ധതി ലക്ഷ്യം നടപ്പാക്കുന്നില്ല | 3-4 |

| | | |
|---|---|---|
| 20 | ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി-7,000/- രൂപ നിരാകരിക്കുന്നു | 3-5 |
| 21 | തെരുവ് വിളക്ക് പരിപാലനം പദ്ധതി ആസൂത്രണത്തിലേയും നിർവഹണത്തിലേയും പോരായ്മകൾ | 3-6 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-7 |
| 23 | വിനിയോഗ സാക്ഷ്യപത്രപ്രകാരം തുക തിരികെ ഈടാക്കാൻ അവശേഷിക്കുന്നു. | 3-8 |
| 24 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-9 |
| 25 | കുളത്തിന്റെ ആഴംകൂട്ടി-നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തില്ല-നഷ്ടം 29,127/- രൂപ | 3-10 |
| 26 | മഴക്കാലപൂർവ്വശുചീകരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 27 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടത്തിയ പ്രോജക്ടുകൾ-4,06,035/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല | 3-12 |
| 28 | പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി -പ്രവർത്തനമില്ല | 3-13 |
| 29 | പുറമ്പോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 3-14 |
| 30 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല | 3-15 |
| | ഭാഗം 4 | |
| 31 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 41 | അനുബന്ധം 1- ഓഡിറ്റ് സാക്ഷ്യപത്രം 2017-2018 | 1 |
| 42 | അനുബന്ധം 2 | 2 |

## ഭാഗം 1

### പൊതു അവലോകനം

### 1-1 ബജറ്റ്

22-03-17.തീയതിയിലെ I-ാംതീരുമാനപ്രകാരം അംഗീകരിച്ചു.22.02.2018ലെ 1ാം നമ്പർ തീരുമാന പ്രകാരം ബഡ്ജറ്റ് പുതുക്കി അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 14-05-2018 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.6.2018 & 14.6.2018 | കെ.എസ്.എ.കെ.എൽ.എം. പി4/1142/18, തീയതി-09.7.2018 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,65,50,919.50 |
| വരവ് | 7,31,34,606.00 |
| ആകെ | 89,68,55,25.50 |
| ചെലവ് | 8,31,93,023 |
| നീക്കിയിരിപ്പ് | 64,92,502.5 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 20295000 | 20295000 | 17712461 | 2582539 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 11536000 | 11536000 | 8871470 | 2664530 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 4066000 | 4066000 | 4058278 | 7722 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4845000 | 4845000 | 4507050 | 337850 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 13620786 | 13620786 | 9122205 | 4498581 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 84232 | 84232 | 84200 | 32 |
| സാക്ഷരത | | 71001 | 1940 | 72941 | 69000 | 3941 |
| ദുരിതാശ്വാസനിധി | | 77362 | 3600 | 80962 | 23200 | 57762 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 10954769 | 10954769 | 10954769 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8211.50 | 538415 | 546626.50 | 540423 | 6203.5 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | സമ്പൂർണ്ണ ശുചിത്വം | 583203 | 475200 | 1058403 | 424524 | 633879 |
| | ഐ.സി.ഡി.എസ് | 1001596 | 1133321 | 2134917 | 1000000 | 1134917 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 600000 | 2527700 | 3127700 | 2961600 | 166100 |
| | ജില്ലാ പഞ്ചായത്ത് | | 986000 | 986000 | 845000 | 141000 |
| ബി ഫണ്ട് | | ---- | 106800 | 106800 | 106800 | ---- |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 11523439 | 1584367 | 27367806 | 22202095 | 5165711 |
| | ട്രഷറി അക്കൗണ്ട് | 3928597 | 11822000 | 15750597 | 15000787 | 749810 |
| മറ്റിനം (ക്യാഷ്) | | 342309 | ---- | ---- | 201975 | |

കേന്ദ്രാവിഷ്കൃത ഫണ്ടുകളായ സമ്പൂർണ്ണ ശുചിത്വം, ICDS(central share) എന്നിവ തനത്ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 77292146 | 160 | 53138694 | 6 | 34 | 78 |

പൂർത്തിയാകെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8211.50 | 538415 | 546626.50 | 540423 | 6203.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 10954769 | 10954769 | 10954769 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,06,800 | 181 |
| കർഷകതൊഴിലാളി പെൻഷൻ | 3,26,400 | 70 |
| വിധവാപെൻഷൻ | 61,40,200 | 1330 |
| വാർദ്ധക്യകാലപെൻഷൻ | 1,15,15,500 | 2110 |
| വികലാംഗപെൻഷൻ | 21,41,700 | 451 |
| അവിവാഹിതർ 50വയസ്സിന് മുകളിൽ | 2,27,300 | 48 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.10-2018-ന് ക്യാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ കൗണ്ടറിൽ ഉണ്ടായിരുന്ന ക്യാഷ് നീക്കിയിരുപ്പ് 5700/- രൂപ ആണ്. എന്നാൽ ചിട്ടപ്രകാരമുള്ള ക്യാഷ് നീക്കിയിരുപ്പ് 5888/- രൂപ ആണ്. 188/- രൂപ കുറവ് വന്നത് സംബന്ധിച്ച് നൽകിയ മറുപടിയിൽ ശ്രീമതി.രമണി അമ്മ,പ്രിജി മന്ദിരം എന്നയാൾക്ക് പുതുതായി പണിത കെട്ടിടത്തിന് ക്രമവത്കരണഫീസ്, കെട്ടിടനികുതി എന്നീയിനങ്ങളിലായി യഥാക്രമം 185/-,1873/- രൂപാ വീതം ഒടുക്കാനുണ്ടായിരുന്നതിൽ ക്രമവത്കരണഫീസ് രസീതാക്കിയ (നം.118060103010) ശേഷം കെട്ടിടനികുതി ഈടാക്കുന്നതിന് ശ്രമിച്ചപ്പോൾ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തിട്ടില്ലാത്തതിനാൽ കരം ഈടാക്കാൻ സാധിച്ചില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫയൽ സെക്ഷന് കൈമാറുകയും ടി പ്രശ്നം പരിഹരിച്ച ശേഷം തുക മൊത്തമായി ഈടാക്കാമെന്ന് കരുതിയതിനാലാണ് 185/- രൂപയുടെ വ്യത്യാസമുണ്ടായത് എന്നറിയിച്ചിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ രേഖപ്പെടുത്തിയ ജോലിവിഭജന രേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജനപ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. സോഫ്റ്റ് വെയറിലൂടെ പ്രവർത്തിക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ പഞ്ചായത്തിലെ എല്ലാ വരവുകളും രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പണമായും ചെക്ക്,ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗികബുദ്ധിമുട്ട് നേരിടുന്നുണ്ട്. വരവ് ചെലവുകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. വാങ്ങലുകൾ ചുമതലപ്പെട്ട

പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിപാലിക്കുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. ധനഇടപാടുകൾ സുതാര്യവും കുറ്റമറ്റതാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/9/18, 28/9/18 | 07/18, 08/18 | 3-10-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-06-2015 | 2010-11മുതൽ 2014-15വരെ | 9-08-2015 |

## 1-12 വാർഷികകണക്കുളിലെ അപാകതകൾ

ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.251301002 എന്ന ഹെഡിൽ (Special programmes for scheduled caste SCP) – 12,88,583/-രൂപ ട്രയൽ ബാലൻസിൽ ഡെബിറ്റ് ബാലൻസ് ആയി കാണുന്നുണ്ടെങ്കിലും ഇത് I & E Schedule- ൽ ഉൾപ്പെട്ടുകാണുന്നില്ല.

2.RP-36-Other liabilities – ൽ sale of usufructs of trees എന്നയിനത്തിലെ 1,850/-രൂപയുടെ ആധികാരികത പരിശോധനയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.B9- Schedule-ലെ 350200104 ഹെഡിൽ 7,900/-രൂപയുൾപ്പെട്ടിട്ടുള്ളത്, 6,700/-രൂപ മാർച്ച് മാസത്തിലെ ശമ്പളത്തിൽ നിന്നുള്ള GIS വിഹിതമാണ്. അതിൽ അധികമായ 1,200/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തി സംബന്ധിച്ച ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

5.B9- ഷെഡ്യൂളിൽ IT ഇനത്തിൽ ഒടുക്ക് വരുത്തിയ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പണം കൈകാര്യം ചെയ്യുന്നതിലെ വീഴ്ച.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.10-2018-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ കൗണ്ടറിൽ ഉണ്ടായിരുന്ന ക്യാഷ് നീക്കിയിരുപ്പ് 5,700/- രൂപ ആണ്. എന്നാൽ ചിട്ടപ്രകാരമുള്ള ക്യാഷ് നീക്കിയിരുപ്പ് 5,888/- രൂപ ആണ്. 188/- രൂപ കുറവ് വന്നത് സംബന്ധിച്ച് നൽകിയ മറുപടിയിൽ ശ്രീമതി.രമണി അമ്മ,പ്രിജി മന്ദിരം എന്നയാൾക്ക് പുതുതായി പണിത കെട്ടിടത്തിന് ക്രമവത്കരണഫീസ്, കെട്ടിടനികുതി

എന്നീയിനങ്ങളിലായി യഥാക്രമം 185/-രൂപ, 1873/-രൂപ വീതം ഒടുക്കാനുണ്ടായിരുന്നതിൽ ക്രമവത്കരണഫീസ് രസീതാക്കിയ (നം.118060103010) ശേഷം കെട്ടിടനികുതി ഈടാക്കുന്നതിന് ശ്രമിച്ചപ്പോൾ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തിട്ടില്ലാത്തതിനാൽ കരം ഈടാക്കാൻ സാധിച്ചില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫയൽ സെക്ഷന് കൈമാറുകയും ടി പ്രശ്നം പരിഹരിച്ച ശേഷം തുക മൊത്തമായി ഈടാക്കാമെന്ന് കരുതിയതിനാലാണ് 185/- രൂപയുടെ വ്യത്യാസമുണ്ടായത് എന്നറിയിച്ചിട്ടുണ്ട്.

കൂടാതെ കണക്കിൽ ഉൾപ്പെടാത്ത 1,480/- രൂപ ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മാർക്കറ്റ് ഫീസ് പിരിക്കുന്നതിന് താൽക്കാലികമായി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ ചുതലയുള്ള ഉണർവ്വ് കുടുംബശ്രീയെ ചുമതലപ്പെടുത്തിയിരുന്നുവെന്നും ടിയാളുകൾ 03.10.18ന് ഫ്രണ്ട് ഓഫീസ് ക്ലോസുചെയ്തശേഷം അടയ്ക്കാനായി കൊണ്ടുവന്നതുകയാണെന്നും അറിയിച്ചു. ടി തുക 10.10.18 ലെ 118060103126 നം. രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

പഞ്ചായത്ത് സമിതി അംഗങ്ങൾക്ക് ഹോണറേറിയം നൽകാനായി പിൻവലിച്ച തുകയിൽ വിതരണം ചെയ്യാൻ അവശേഷിച്ചിരുന്നത് 27,100/- രൂപയാണ്. (മൂന്ന് അംഗങ്ങളുടെ ഹോണറേറിയം)എന്നാൽ ഭൗതിക പരിശോധനയിൽ 20,625/- രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക വിതരണം ചെയ്തപ്പോൾ ശ്രീ. മുഹമ്മദ് ജാഫി എന്ന മെമ്പർക്ക് 1,075/- രൂപ അധികം നൽകിപ്പോയതാണെന്നും ടി തുക 04.10.18 ന് തിരികെ ഏൽപ്പിക്കുകയും മെമ്പർമാർക്ക് ഹോണറേറിയം വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിച്ചു.
2011-ലെ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 20(എ) പ്രകാരം പഞ്ചായത്തിന് നേരിട്ട് ലഭിച്ചതോ പിരിവിന് നിയോഗിച്ച ഉദ്യോഗസ്ഥൻ, പൊതുജനസേവന കേന്ദ്രങ്ങൾ, ബാങ്കിൽ നേരിട്ട് ഒടുക്കൽ, മണി ഓർഡറുകൾ, ഇന്റർനെറ്റ് വഴിയുള്ള കളക്ഷൻ, ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ വഴിയുള്ള കളക്ഷൻ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ലഭിച്ചതോ ആയ എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി വീഴ്ച കൂടാതെ രസീത് നൽകേണ്ടതാണ്. കൂടാതെ ചട്ടം 26(2) പ്രകാരം ക്യാഷ്യർ അല്ലെങ്കിൽ പണം കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പണം ലഭിച്ച ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ ക്യാഷ് ഒടുക്ക് വരുത്തിയിട്ടുന്ന് ഉറപ്പുവരുത്തേണ്ടത് അക്കൗണ്ടന്റിന്റെ ചുമതലയാണ്. പഞ്ചായത്തിൽ വരുന്ന ഓരോ വരവ് തുകയും അതാത് ദിവസം തന്നെ രസീത് ചെയ്ത് ഫണ്ടിൽ ഒടുക്കുന്നതിന് പകരം രസീത് ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള നടപടി പൊതുപണം കൈകാര്യം ചെയ്യുന്നതിലെ വീഴ്ചയാണ് വെളിവാക്കുന്നത്. അതുപോലെ തന്നെ ഹോണറേറിയം വിതരണത്തിന് പിൻവലിച്ച തുകയിലെ കുറവ് അധികം നൽകിയതായതിനാലാണെന്ന മറുപടിയും പണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ നടപടിയാണ്. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ലേലത്തുക ഈടാക്കിയിട്ടില്ല. 47,400/- രൂപ നഷ്ടം

പെരിനാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചെറുമൂട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം 31.03.18 വരെ 1,03,200/- രൂപയ്ക്ക് ശ്രീമതി. രാധാമണിയമ്മ, രാധികാഭവനം, ചെറുമൂട്, വെള്ളിമൺ പി.ഒ എന്നയാൾക്ക് 10.03.17 ൽ ലേലം ചെയ്ത്

നൽകിയിട്ടുണ്ട്. 13.03.17 ലെ 2-ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം ലേലം അംഗീകരിക്കുകയും ലേലതുക 4 ഗഡുക്കളായി അടവാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. രണ്ട് ഗഡുക്കളായി 55,800/-രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ടിയാൻ നാളിതുവരെ ബാക്കി തുകയായ 47,400/- ഒടുക്കുവരുത്തിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിന് (നം.5/09-10-18) ലഭ്യമാക്കിയ മറുപടിയിൽ ടി തുക ഈടാക്കുന്നതിന് ആർ.ആർ നോട്ടീസ് നൽകിയിട്ടുണ്ട് എന്നറിയിക്കുന്നു. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അടവാക്കാൻ അവശേഷിക്കുന്ന 47,400/- രൂപ അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ തൻ വർഷം ലഭിച്ച 9,420/-രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം. പേര് | ടെണ്ടർ ഫാറ വില (രൂപ) |
|---|---|---|
| 1. | 170/18 സ്കൂൾ പെയിന്റിംഗ് , അറ്റകുറ്റിപ്പണി | 4,480 |
| 2. | 171/18-അംഗൻവാടികളുടെ അറ്റകുറ്റപ്പണി | 2,240 |
| 3. | 167/18-ഗ്രാമപഞ്ചായത്ത് ലൈബ്രറി , കുടുബശ്രീഓഫീസ് അറ്റകുറ്റപ്പണി | 2,700 |
| | ആകെ തുക | 9,420/-രൂപ |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദിവസവേതനാടിസ്ഥാനത്തിൽ ക്ളാർക്കിന്റെ നിയമനം -നടപടിക്രമങ്ങൾ പാലിച്ചില്ല,1,03,305/-രൂപ തടസ്സം

ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി സെക്ഷനിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ കുമാരി.സൂര്യമോഹൻ എന്നയാളെ 07-08-2017 മുതൽ നിയമിച്ചിട്ടുള്ളതാണ്. എൽ.എസ്.ജി.ഡി സെക്ഷന്റെ sanctioned strength-ൽ ക്ളാർക്കിന്റെ തസ്തിക ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റന്വേഷണത്തിന് 2014-15 വർഷം വരെ ക്ളാർക്ക് എൽ.എസ്.ജി.ഡി.സെക്ഷനിൽ ഉണ്ടായിരുന്നുവെന്നും ടിയാൻ സ്ഥലം മാറിപ്പോയതിന് ശേഷം ഒഴിവ് നിലനിൽക്കുന്നുവെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. സാങ്ഷന്ട് സ്ട്രെങ്ങ്തിൽ

ക്ളാർക്കിന്റെ തസ്തിക ഉൾപ്പെട്ടിട്ടുണ്ടോയെന്നതിന് വ്യക്തമായ മറുപടി നൽകാത്തതിനാൽ തന്നെ ഈ വിഷയം സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നു.

ദിവസവേതനാടിസ്ഥാനത്തിലുള്ള മേൽ നിയമനം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപടിക്രമങ്ങൾ പാലിച്ച്കൊണ്ടല്ല നടത്തിയിട്ടുള്ളത്. പത്രപരസ്യം നൽകി അപേക്ഷകരെ ഇന്റർവ്യൂ നടത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് ടിയാളെ നിയമിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ കുമാരി.സൂര്യമോഹന് ശമ്പളമിനത്തിൽ നൽകിയ 1,03,305/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ശമ്പളം | മാസം | ചെക്ക് നം./ തീയതി |
|---|---|---|
| 14200 | ആഗസ്റ്റ് | 906748 / 2-09-17 |
| 12070 | സെപ്റ്റംബർ | 906756 / 13-10-17 |
| 14200 | ഒക്ടോബർ | 11262 / 14-11-17 |
| 16685 | നവംബർ | 11296 / 11-12-17 |
| 14910 | ഡിസംബർ | 11539 / 10-1-18 |
| 17040 | ജനുവരി | 2023 / 5-02-18 |
| 14200 | ഫെബ്രുവരി | 439683 / 17-03-18 |
| ആകെ – 1,03,305/-രൂപ | | |

ക്ലർക്കിന്റെ തസ്തിക നിലവിലുണ്ടായിരുന്ന ഒഴിവിലേക്കാണ് നിയമനനടത്തിയതെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇല്ലാത്തപക്ഷം ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക 1,03,305/-രൂപ.

ഓഡിറ്റ് എൻക്വയറി നം –7/17-18 തീയതി.09-01-18

## 3-2 സോളാർ പാനൽ ഇൻസ്റ്റലേഷൻ-സബ്സിഡി ആനുകൂല്യം വിനിയോഗിച്ചില്ല-പദ്ധതി സമയബന്ധിതമായി നടപ്പാക്കിയില്ല.

പദ്ധതി : സോളാർ പാനൽ ഇൻസ്റ്റലേഷൻ(186/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ : 4,67,500/- (വികസന ഫണ്ട്)

ചെലവ് :467,500/- രൂപ (ബിൽ നം38/17-18/27.2.18)

സോളാർ പാനൽ ഇൻസ്റ്റലേഷൻ പദ്ധതിയിൽ സബ്സിഡി ആനുകൂല്യം വിനിയോഗിച്ചിട്ടില്ല. പദ്ധതി സമയബന്ധിതമായി നടപ്പാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ സോളാർ പാനൽ ഇൻസ്റ്റലേഷൻ പദ്ധതിക്കായി അനെർട്ട് ജില്ലാ എഞ്ചിനീയർ പ്രാരംഭ പഠനം നടത്തുകയും 5 കിലോവാട്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി അനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 8.2.18 ൽ കുണ്ടറ കെ.എസ്.ഇ.ബി എഞ്ചിനീയർ സൌരോർജ്ജ സാധ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കി. അംഗീകൃത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 4,67,500/- രൂപ

അനെർട്ടിൽ ഒടുക്കു വരുത്തി.

<u>പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1) ANERT മായി കരാറിൽ ഏർപ്പെട്ടിട്ടില്ല

2) അക്ഷയോർജ്ജ ഉപകരണങ്ങൾ അനർട്ട് എം പാനൽ ചെയ്ത സ്ഥാപനങ്ങളിൽ നിന്ന് മത്സരാധിഷ്ഠിത ടെണ്ടറിലൂടെ വാങ്ങണമെന്ന് 03.04.2017ലെ സ.ഉ.(എം.എസ്.) നം.80/2017 /തസ്വഭവ. ഉത്തരവിൽ വ്യക്തമാക്കുകയും അനർട്ട് എം പാനൽ ചെയ്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുകയും ചെയ്തിരിക്കെ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിയ്ക്കാതെ അനെർട്ടിൽ നേരിട്ട് തുക ഒടുക്കു വരുത്തി.

3.കേന്ദ്ര നവീന നവീകരണീയ ഊർജ്ജമന്ത്രാലയം നിശ്ചയിച്ച ബെഞ്ച്മാർക്ക് വില KW ന് 70000/- രൂപയാണ്. ഇപ്രകാരം 5 കിലോവാട്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിലേയ്ക്കായി നൽകാവുന്ന പരമാവധി വില 3,50,000/- രൂപയാണ്. എന്നാൽ അനെർട്ടിൽ സോളാർ പാനൽ സ്ഥാപിക്കാനായി ആകെ 4,67,500/- രൂപ ഒടുക്കു വരുത്തി. ഈയിനത്തിൽ 1,17,500/- രൂപ അധികം ചെലവഴിച്ചു.

4.സൗരവൈദ്യുതനിലയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനം ആയതിന്റെ പ്രൊപ്പോസൽ online ആയി സമർപ്പിക്കണമെന്നും ശൃംഖലാ ബന്ധിത സൗരനിലയത്തിന് പദ്ധതി നിർവഹണ പുരോഗതിക്കനുസരിച്ച് കിലോവാട്ടിന് 16,250 /- രൂപ വരെ ഇൻസെന്റീവ് ലഭിക്കുമെന്നും കേന്ദ്ര സർക്കാരിന്റെ 30.03.17 ലെ 03/88/2015-16 GCRT നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് രൂപീകരിച്ച വേളയിൽ മാർഗനിർദ്ദേശങ്ങൾ പാലിച്ച് പ്രൊപ്പോസൽ online ആയി സമർപ്പിക്കാതിരുന്നതു മൂലവും പ്രവർത്തന പുരോഗതി നേടാതിരുന്നതുമൂലവും 81,250/- രൂപയുടെ( 16,250 x 5 ) ഇൻസെന്റീവ് നഷ്ടമായി.

5.അനെർട്ടിന്റെ ശൃംഖലാബന്ധിത സൌരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പഠന റിപ്പോർട്ട് പ്രകാരം ഫീസിബിലിറ്റി study, എസ്റ്റിമേറ്റ് തയ്യാറാക്കൽ എന്നിവ കഴിഞ്ഞ് 3-ാം മാസം സോളാർ പാനൽ കമ്മീഷനിംഗ് നടത്തേണ്ടതാണ് . എന്നാൽ 8.2.18 ന് എസ്റ്റിമേറ്റ് പ്രകാരം തുക ഒടുക്കു വരുത്തിയെങ്കിലും നാളിതുവരെ സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും നടന്നിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 1,17,500/- രൂപ അനെർട്ടിൽ നിന്ന് തിരികെ ഈടാക്കേണ്ടതും സമയബന്ധിതമായി പ്രോജക്ട് സമർപ്പിക്കാത്തതുമൂലം ഇൻസെന്റീവ് ഇനത്തിൽ നഷ്ടമായ 81,250/- രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

<u>തടസ്സപ്പെടുത്തിയ തുക-1,17,500/-രൂപ</u>

<u>നിരാകരിച്ച തുക-81,250/-രൂപ</u>

<u>ഓഡിറ്റ് എൻക്വയറി നം.12/17-18, 10.10.2018</u>

## 3-3 <u>കശുമാവിൻ തൈകൾ വിതരണം ചെയ്തിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു</u>

പദ്ധതി : കശുമാവ് തൈ വിതരണം(141/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ
അടങ്കൽ : 1,00,000/- രൂപ (വികസനഫണ്ട്)
ചെലവ് :99,750/- രൂപ(ബിൽ നം7/17-18/7.3.18)

കശുമാവിൻ തൈകൾ വിതരണം പദ്ധതിയിൽ ഒരു തൈക്ക് 35 രൂപ നിരക്കിൽ 2850 തൈകൾ വാങ്ങുന്നതിലേയ്ക്കായി 99,750/- രൂപ കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷനിൽ ഒടുക്ക വരുത്തിയിട്ടുണ്ട്. അംഗീകൃത പദ്ധതി പ്രകാരം കശുമാവിൻ തൈകളുടെ നടീൽ , മൂന്നു വർഷം വരെയുള്ള പരിചരണം എന്നിവ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കശുമാവിൻ തൈകൾ വിതരണം ചെയ്തതായി വ്യക്തമാക്കുന്നരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് കൃഷി ഓഫീസർ, സെക്രട്ടറി എന്നിവർക്ക് നൽകിയ എൻക്വയറികൾക്ക് വ്യത്യസ്തമായ മറുപടികളാണ് ലഭ്യമാക്കിയിട്ടുള്ളത്.

കൃഷി ഓഫീസർ നൽകിയ മറുപടിയും സ്റ്റേറ്റ്മെന്റും പ്രകാരം 800 തൈകൾ വിതരണം ചെയ്തു എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് വിഭാഗം നൽകിയ മറുപടിയിൽ നിലവിൽ 450 തൈകൾ കൈപ്പറ്റി പരിപാലിക്കുന്നുണ്ടെന്നും ശേഷിക്കുന്ന തൈകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ഏറ്റെടുക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഇപ്രകാരം വിതണം ചെയ്തു എന്നു പറയപ്പെടുന്ന തൈകളുടെ എണ്ണത്തിൽ വൈരുദ്ധ്യം നിലനിൽക്കുന്നു.

മുഴുവൻ തൈകൾ നാളിതുവരെ വിതരണം ചെയ്യാത്തതിനാലും വിതരണം ചെയ്തതായി പറയപ്പെടുന്നവയുടെ രേഖകൾ ഹാജരാക്കാത്തതിനാലും ടി പദ്ധതിക്കായി ചെലവഴിച്ച 99,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൃത്യമായ മോണിറ്ററിംഗ് ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. തുക ചെലവഴിക്കാനായി മാത്രമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.
എൻക്വയറി നം-6/17-18/9.10.18 & 8/17-18/9.10.18
തടസ്സപ്പെടുത്തിയ തുക – 99,750/-രൂപ

**3-4** ജലസേചന കിണർ-പദ്ധതി ലക്ഷ്യം നടപ്പാകുന്നില്ല
പദ്ധതി : ജലസേചന കിണർ(154/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ
അടങ്കൽ : 3,00,000/- (CFC),5,00,000/-(ജില്ലാ പഞ്ചായത്ത്), 5,00,000/-(മറ്റുള്ളവ)
ചെലവ് :25,500/- രൂപ (ബിൽ നം16/17-18/28.3.18)

സ്ഥല പരിശോധന നടത്തിയ തീയതി-9.10.18

കൃഷി ഓഫീസർ നിർവഹണം നടത്തിയ ടി പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളത് രണ്ട് വ്യക്തികൾക്കാണ്. രണ്ട് വ്യക്തികളും കാർഷികാവശ്യത്തിനായല്ല ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതെന്ന് സ്ഥല പരിശോധനയിൽ വ്യക്തമാകുന്നു. രണ്ട് ഗുണഭോക്താക്കളും വീട് നിർമ്മാണത്തിന്റെ ഭാഗമായുള്ള പുതിയ കിണറാണ് നിർമ്മിച്ചിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഒരു വ്യക്തിയായ ശ്രീ വിഷ്ണു, തടത്തിൽ വീട്, വെള്ളിമൺ വെസ്റ്റ് എന്നയാൾ

വിദേശത്ത് ജോലി ചെയ്യുന്നയാളാണെന്നും പുതിയ വീടിനോട് ചേർന്ന് വീട് നിർമ്മാണത്തിന്റെ ഭാഗമായി പുതിയ കിണർ നിർമ്മിച്ചതിന് 10,000/-രൂപ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതാണെന്നും സ്ഥലപരിശോധനയിൽ വ്യക്തമാകുന്നു. ഈ വിഷയം കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി വ്യക്തമാക്കിയിട്ടുള്ളത് ഇനി വരുന്ന സീസണിൽ പുരയിടത്തിൽ ജലസേചനം നടത്തി പച്ചക്കറി കൃഷി ചെയ്യാൻ സമ്മതിച്ചിട്ടുണ്ട് എന്നാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ഇപ്രകാരം അർഹതയില്ലാത്ത ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയിരിക്കുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. വിദേശത്ത് ജോലി ചെയ്യുന്ന വ്യക്തിക്ക് കാർഷികാവശ്യത്തിനായി കിണർ നിർമ്മാണത്തിന് ആനുകൂല്യം നൽകിയത് അംഗീകരിക്കുന്നില്ല. ടി തുക ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



ഓഡിറ്റ് എൻക്വയറി നം-6/17-18/9.10.18

നിരാകരിച്ച തുക – 10,000/-രൂപ

## 3-5 ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി-7,000/- രൂപ നിരാകരിക്കുന്നു

പദ്ധതി : കറവപ്പശുക്കൾക്ക് കാലിത്തീറ്റ(84 /18)

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ : 4,00,000/- (വികസനഫണ്ട്),

ചെലവ് :4,00,000/- രൂപ (ബിൽ നം3/17-18/11.1.18,5/17-18/29.1.18) വികസന ഫണ്ട് (ജനറൽ)

കറവപ്പശുക്കൾക്ക് കാലിത്തീറ്റ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി സബ്സിഡി 10,000/-രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം അംഗീകൃതഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| പേര് വിവരം | വാർഡ് നം | നൽകിയ തുക | ബിൽ നം./ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| സുധർമ്മ രാജ്, ഉത്രാലയം | 3 | 4,000 | 3/17-18, 11.1.18 |
| ചന്ദ്രൻ പിള്ള, രാജി ഭവനം | 20 | 1,000 | 3/17-18, 11.1.18 |
| രാധാമണിയമ്മ, ലക്ഷ്മി നിവാസ് | 19 | 2,000 | 5/17-18, 29.1.18 |

ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകൃത ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യത്തിന് ചെലവഴിച്ച 7,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്പെക്ടറിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

നിരാകരിച്ച തുക – 7,000/-രൂപ

ഓഡിറ്റ് എൻക്വയറി നം-16/17-18/10.10.18

## 3-6 തെരുവു വിളക്ക് പരിപാലനം പദ്ധതി ആസൂത്രണത്തിലേയും നിർവഹണത്തിലേയും പോരായ്മകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പദ്ധതി – തെരുവ് വിളക്കുകളുടെ പരിപാലനം(5/18)

അടങ്കൽ – 75,700/-(central finance commission grant)

ചെലവ് -75,700/-രൂപ (ബിൽ.17/17-18/8.1.2018)

തെരുവു വിളക്ക് പരിപാലനത്തിനായി 17.8.2015 ലെ ഉത്തരവ് നം.ജി.2/44274/15 പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച പൊതു മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. അപാകതകൾ ചുവടെ ചേർക്കുന്നു.

1.തെരുവു വിളക്കുകളുടെ ഇനവും എണ്ണവും പോസ്റ്റ് നമ്പർ ഉൾപ്പടെ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2.രജിസ്റ്ററിന്റെ അഭാവത്തിൽ ആവശ്യകത നിർണ്ണയിച്ചല്ല തെരുവു വിളക്കുപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

3.ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരമൊരു രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സാധനങ്ങളുടെ സ്റ്റോർ പരിശോധിച്ചെങ്കിലും സ്റ്റോക്ക് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ എണ്ണം (സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ളത് ) തിട്ടപ്പെടുത്താനാവാത്ത വിധം സാധനങ്ങൾ സ്റ്റോറിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇലക്ട്രീഷ്യൻമാർ ആവശ്യപ്പെടുന്ന ഉപകരണങ്ങൾ നൽകുക മാത്രമാണ് ചെയ്യുന്നത്. കേടായ ഉപകരണങ്ങൾ തിരികെ വാങ്ങി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ച്

കുറ്റമറ്റ രീതിയിൽ തെരുവ് വിളക്ക് പരിപാലനപദ്ധതി നടപ്പാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | പദ്ധതി | അടങ്കൽ തുക | ചെലവ് തുക (രൂപ) | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| വെറ്റിനറി സർജൻ | കന്നുകുട്ടി പരിപാലന പദ്ധതി (71/18) | 93,75,000/-(വികസന ഫണ്ട്) 93,75,000/-(മറ്റുള്ളവ) | 7,25,000/- | 12/17-18/15.3.2018-6,25,000 /-17/17-18/28.3.2018-1,00,000/- | കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയത്. |
| സെക്രട്ടറി | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ (91/18) | 3,00,000/- (സി.എഫ്.സി) | 2,98,178 | 22/17-18/16.1.18-2,70,000 34/17-18/24.2.18-28178 | കെ.എസ്.ഇ.ബി കുണ്ടറ കെ.എസ്.ഇ. കിളികൊല്ലൂർ |
| സെക്രട്ടറി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (92/18) | 10,22,900 (സി.എഫ്.സി) | 10,22,283 | 24/17-18/16.1.18 | കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ |
| സെക്രട്ടറി | ജീവനം ഡയാലിസിസ് ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ (176/18) | 1,00,000/- (വികസന ഫണ്ട്) | 100000/- | 33/17-18/22.2.18 | ജില്ലാ പഞ്ചായത്ത്, കൊല്ലം |
| സെക്രട്ടറി | സൈഡ് വീൽ സ്കൂട്ടർ (204/17-18) | 1,00,000/- (വികസന ഫണ്ട്) | 1,00,000 | 32/17-18/22.2.18 | ജില്ലാ പഞ്ചായത്ത്, കൊല്ലം |
| സെക്രട്ടറി | എം.ആർ.എഫ് ഷെഡ്ഡിലേയ്ക്ക് ഇലക്ട്രിക് വയറിംഗ് (205/18) | 2,00,000/- (സി.എഫ്.സി) | 49,710 | 40/17-18/26.2.18 | കെ.എസ്.ഇ.ബി കുണ്ടറ |
| സെക്രട്ടറി | IKM വിഹിതം അടയ്ക്കൽ | 1,07,807 (വികസന ഫണ്ട്) | 1,07,807 | 11/17-18/16.9.17-55,449 30/17-18/31.1.18 | ഐ.കെ.എം ഡയറക്ടർ |
| സെക്രട്ടറി | PMAY അധിക ധനസഹായം | 400000 (വികസന ഫണ്ട്) | 4,00,000 | 13/17-18/31.1.18 | ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് |
| | | ആകെ | 28,02,978 | | |

വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 28,02,978/-രൂപ

## 3-8 വിനിയോഗ സാക്ഷ്യപത്രപ്രകാരം തുക തിരികെ ഈടാക്കാൻ അവശേഷിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി ഒടുക്കു വരുത്തിയ തുകകളിൽ പദ്ധതി പൂർത്തീകരിച്ചതിന് ശേഷവും തുക സ്ഥാപനങ്ങളിൽ ബാക്കി നിൽക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി, | ഡെപ്പോസിറ്റ് | വിനിയോഗിച്ച | തിരികെ |
|---|---|---|---|

| നം | ചെയ്ത തുക (രൂപ) | തുക (രൂപ) | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| പട്ടിക ജാതി സങ്കേതങ്ങളിൽ കുടിവെള്ളപദ്ധതി, നം.(112/18) | 6,70,443 | 4,97,650 | 1,72,793 |
| പട്ടിക ജാതി സങ്കേതങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(210/18) | 4,00,000 | 3,37,062 (ബിൽ നം.22/17-18/ 20.3.2018) | 62,938 |
| | | ആകെ | 2,35,731 |

തിരികെ ലഭ്യമാകാൻ അവശേഷിക്കുന്ന തുകയായ 2,35,731/-രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2017 - 18 സാമ്പത്തിക വർഷത്തിൽ 1234 കുടുംബങ്ങൾക്കായി 41,136 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 96 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി. ആകെ 1,06,80,487/- രൂപ പ്രധാനമായും ഭൂവികസനം, ഐ.എ.വൈ.ഭവന നിർമ്മാണം, റൂറൽ കണക്ടിവിറ്റി , ജലസ്രോതസ്സുകളുടെ സംരക്ഷണം, ജല സംരക്ഷണ പ്രവൃത്തികൾ പി.എം.എ.വൈ പ്രവൃത്തികൾ , കിണർ നിർമ്മാണം, നഴ്സറി നിർമ്മാണം എന്നീ മേഖലകളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

പദ്ധതി നടത്തിപ്പിലെ പൊതുവായ അപാകതകൾ

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നാമമാത്രമായാണ് നടപ്പാക്കിയിട്ടുള്ളത്.

2.പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു .

3. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

4.നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നില്ല.

5.പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

6.പി.എം.എ.വൈ/ഐ.എ.വൈ ഭവന നിർമ്മാണ പ്രവൃത്തികളിൽ തൊഴിലാളികളുടെ പങ്കാളിത്തം ഫോട്ടോകളിൽ നിന്നും ബോധ്യപ്പെടുന്നില്ല.

7.പ്രവൃത്തിയുടെ ഫോട്ടൊകൾ എല്ലാ ഫയലുകളിലും ഉൾപ്പെടുത്താത്തതിനാൽ , പ്രൊജക്ട് യോഗങ്ങൾ നടത്തിയതിന്റെയും , പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും , സാധിക്കുന്നില്ല.

8.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

9.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിനുള്ള (4/9.10.2018) മറുപടിയിൽ അപാകതകൾ പരിഹരിയ്ക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

അപാകതകൾ ഇല്ലാതെ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും, നടപ്പിലാക്കിയവയുടെ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 കുളത്തിന്റെ ആഴംകൂട്ടി-നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തില്ല-നഷ്ടം 29,127/- രൂപ

പ്രോജക്ടിന്റെ പേര് –

ശ്രീകൃഷ്ണസ്വാമി ക്ഷേത്രക്കുളത്തിന്റെ വശങ്ങൾ കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ

നിർവ്വഹണ ഉദ്യോഗസ്ഥർ :ശ്രീമതി കാർത്തിക സത്യൻ അക്രഡിറ്റഡ് എൻജിനീയർ

ശ്രീമതി സംഗീത എസ്.

അക്രഡിറ്റഡ് ഓവർസീയർ

എം.ബുക്ക് നം.49

ഭരണാനുമതി നം.2(5)/05.01.2018

സാങ്കേതിക അനുമതി നം.100/T.S.C/PND/24.02.2018

എഫ്.ടി.ഒ നം.532350/26.03.2018 ,532385/26.03.2018

8794/12.04.2018 ,8802/12.04.2018

9563/13.04.2018 ,9606/13.04.2018

പ്രവൃത്തി നടത്തിയ കാലയളവ് :9.03.2018-18.03.2018

21.03.2018 -24.03.2018

25.03.2018-31.03.2018

(അവധി-11.3.2018 & 30.03.2018)
ആകെ മനുഷ്യദിനങ്ങൾ :664
പ്രവൃത്തിമൂല്യം- 1,62,360/- രൂപ




ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കുളം (ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) കുഴിച്ച് കയർ ഭൂവസ്ത്രം ഉറപ്പിക്കുന്ന പ്രവൃത്തിയാണ് ഈ പദ്ധതി വഴി നടപ്പിൽ വരുത്തിയത്. എസ്റ്റിമേറ്റിലെ രണ്ടാം ഇനമായി 23 മീ നീളത്തിലും 13 മീറ്റർ വീതിയിലും കുഴിച്ച് 1345.5 എം.3 മണ്ണ് നീക്കം ചെയ്യുന്നതിനും മൂന്നാം ഇനമായി ഇതിൽ 72 എം.3 മണ്ണ് ,1 മീറ്റർ പൊക്കത്തിൽ നിക്ഷേപിക്കുന്നതിനുമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.


എം.ബുക്ക് പ്രകാരം 709.4125 എം.$^3$ മണ്ണാണ് നീക്കം ചെയ്തത്.ഇതിൽ 70.50 എം.$^3$ മണ്ണ് വശങ്ങളിൽ നിക്ഷേപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശേഷിയ്ക്കുന്ന 638.9125 എം.$^3$ മണ്ണ് ലേലം ചെയ്യുകയോ സ്ഥലത്ത് സൂക്ഷിയ്ക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ , ബാക്കി മണ്ണ് കുളത്തിന് ചുറ്റുമുള്ള ഭൂമി നികത്താനാണ് ഉപയോഗിച്ചിട്ടുള്ളത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രാദേശിക പരിശോധനയിൽ ഇത് ബോധ്യപ്പെടുന്നില്ല. പ്രദേശവാസികൾ ടി കുളം ശ്രീകൃഷ്ണസ്വാമിക്ഷേത്രക്കുളം എന്നാണ് കണക്കാക്കിവരുന്നത്. ഇതിന് സഹായകരമായ പേരാണ് പ്രവൃത്തിയ്ക്ക് നൽകിയെന്നതും ശ്രദ്ധേയമാണ്. കൂടാതെ പ്രവൃത്തിസ്ഥലത്ത് സ്ഥാപിച്ച ബോർഡും ഇപ്രകാരമാണ്.




നിലവിൽ ആസ്തി രജിസ്റ്ററിൽ ഇല്ലാത്ത കുളത്തിനോട് ചേർന്ന് കിടക്കുന്ന സ്ഥലമെല്ലാം ക്ഷേത്രത്തിന്റെയാണെന്ന് ക്ഷേത്രത്തിന്റെ ഭാരവാഹി പ്രാദേശിക പരിശോധനയിൽ അവകാശപ്പെട്ടതിനാൽ , കുളത്തിന്റെ ഭൂമി അന്യാധീനപ്പെട്ടതായി ബോധ്യപ്പെടുന്നു.അതിനാൽ ഗ്രാമപഞ്ചായത്തിന്റെ കുളം സ്ഥിതി ചെയ്യുന്ന സ്ഥലം വില്ലേജ് അധികാരികളെകൊണ്ട് അളന്ന് തിട്ടപ്പെടുത്തേണ്ടതും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

പ്രസ്തുത പ്രവൃത്തിയിൽ ജെ.സി.ബി യന്ത്രം ഉപയോഗിച്ചതായി പ്രദേശവാസികൾ അറിയിച്ചു.ഇതിനെ സാധൂകരിക്കുന്ന പത്രവാർത്തയും ഉള്ളതിനാൽ പ്രവൃത്തി സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.തൊഴിലുറപ്പ് വിഭാഗത്തിന്റെ ചാർജുള്ള അസി.സെക്രട്ടറി, വിജിലൻസ് ആന്റ് മോണിറ്ററിംഗ് സമിതി എന്നിവരും ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

<u>പത്ര വാർത്ത</u>



9:12 PM

DISTRICTS >

**Combating water scarcity**

Revival of abandoned water sources was one of the major action plans to meet water shortage.

The panchayat pond in ward No. 18 near the Sreekrishna Temple in Perinad was cleaned, desilted and widened with earth movers.

The services of the Mahatma Gandhi National Rural Employment Guarantee Scheme was also utilised to deepen the pond to a length of 15 metres and a width of 10 metres.

After strengthening the banks of the pond with soil, coir geo textiles were used to pad the slopes of the pond.

There is also a pump house adjacent to the pond to supply water to nearby areas. The only work left is planting vetiver plants along the slopes.

മേൽ സാഹചര്യത്തിൽ ലേലം ചെയ്യാത്ത 638.9125 എം.3 മണ്ണിന്റെ വിലയായ 29,127/- രൂപ (D.A.R. –code: 0979 എം.3 -ന് 30/- രൂപ റോയൽറ്റി +cost index 51.96 % =45.58 രൂപ x 638.9125) അക്രഡിറ്റഡ് എൻജിനീയർ , ഓവർസീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

സ്ഥല പരിശോധനാ തീയതി : 09.10.2018

ഓഡിറ്റ് എൻക്വയറി നം.4/09.10.2018

നഷ്ടത്തുക – 29,127/-രൂപ

## 3-11 മഴക്കാലപൂർവ്വശുചീകരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

മഴക്കാലപൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ്തല ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി 20 വാർഡിലേയ്ക്കായി 2,73,400/-രൂപ പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കലോഫീസർക്ക് നൽകിയിരുന്നുവെങ്കിലും സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് 1,15,507/-രൂപ ചെലവഴിച്ചിട്ടുള്ളത്. 88,888/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയം ഭരണവകുപ്പിന്റെ (ഡി.സി) വകുപ്പിന്റെ 127/2017/തസ്വഭവ16-03-2017ലെ സർക്കുലറിൽ മഴക്കാല പൂർവ്വശുചിത്വക്യാമ്പയിൻ 2017 സംബന്ധിച്ച വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ഏപ്രിൽ മാസം ആരംഭിച്ച് കാലവർഷം വരെ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ടതെന്ന് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2,73,400/-രൂപാ പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കലോഫീസർക്ക് നൽകിയിട്ടുള്ളത് 1,69,400/-(ചെക്ക് നം.10790 തീയതി.16-05-2017) , 1,04,000/-(ചെക്ക് നം.11444 തീയതി.25-07-17) എന്നീ ചെക്കുകൾ പ്രകാരമാണ്. ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ ലഭിച്ച 1,69,400/-രൂപാ 2017-18ൽ മുൻബാക്കി ഉണ്ടായിരിക്കെ
16-05-17 ൽ ആണ് ആദ്യഗഡു തുക മെഡിക്കലോഫീസർക്ക് നൽകിയിട്ടുള്ളത്. ഫണ്ട് ലഭ്യമായിരുന്നിട്ടും ഇപ്രകാരം സംഭവിച്ചതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.15/17-18 തീയതി.10-10-18)മറുപടി ലഭ്യമാക്കിയിട്ടില്ല.

2. പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കലോഫീസർ15-02-2018 ൽ നൽകിയിട്ടുള്ള ധനവിനിയോഗസാക്ഷ്യപത്രം പ്രകാരം 88,888/-രൂപാ ചെലവഴിക്കുവാൻ അവശേഷിക്കുന്നുണ്ട്.ടി തുക തിരിച്ചീടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രത്യേകാവശ്യത്തിനായി ലഭിച്ച മേൽ തുക ചെലവഴിക്കാതിരുന്നതിന് മെഡിക്കലോഫീസറിൽ നിന്നും വിശദീകരണം വാങ്ങി ലഭ്യമാക്കേണ്ടതാണ്.

3.മേൽ പരാമർശിത സർക്കുലറിൽ 2017 ജൂൺ 30 ന് മുൻപ് ചെലവഴിക്കപ്പെടുന്ന തുക മാത്രമേ മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിക്കപ്പെട്ടതായി കണക്കാക്കുകയുള്ളൂ എന്ന് വ്യക്തമാക്കിയിരിക്കുന്നു. 1,15,507/-രൂപ ഈ കാലയളവിന് ശേഷമാണ് വിനിയോഗിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | തുക | ചെലവിനം |
|---|---|---|---|
| 1 | 1 | 8225 | റോഡ് സൈഡ് വൃത്തിയാക്കൽ |
| 2 | 3 | 5760 | ഉറവിടനശീകരണം |
| 3 | 4 | 8225 | റോഡ് സൈഡ് |

| | | | |
|---|---|---|---|
| | | | വൃത്തിയാക്കൽ |
| 4 | 5 | 4725 | റോഡ് സൈഡ് വൃത്തിയാക്കൽ |
| 5 | 6 | 8225 | ഓട വൃത്തിയാക്കൽ |
| 6 | 7 | 8225 | റോഡ് സൈഡ് വൃത്തിയാക്കൽ |
| 7 | 8 | 8225 | ഓട വൃത്തിയാക്കൽ, ഉറവിടനശീകരണം |
| 8 | 9 | 4853 | ഓട വൃത്തിയാക്കൽ, ഉറവിടനശീകരണം, ബോധവൽക്കരണം |
| 9 | 10 | 8225 | ഓട വൃത്തിയാക്കൽ, ഉറവിടനശീകരണം, കിണർ വെള്ളം ശുദ്ധീകരിക്കൽ |
| 10 | 11 | 5100 | ഓട വൃത്തിയാക്കൽ, ഉറവിടനശീകരണം, റോഡ് സൈഡ് വൃത്തിയാക്കൽ |
| 11 | 12 | 2682 | മാലിന്യനിർമ്മാർജനം, ഉറവിടനശീകരണം, ക്ളോറിനേഷൻ |
| 12 | 13 | 8225 | കാട് വെട്ടൽ, ഓട വൃത്തിയാക്കൽ |
| 13 | 14 | 5025 | കാട് വെട്ടൽ , മാലിന്യം നീക്കം ചെയ്യൽ |
| 14 | 15 | 8225 | കാട് വെട്ടൽ, ഓട വൃത്തിയാക്കൽ |
| 15 | 16 | 3688 | ഉറവിടനശീകരണം, ക്ളോറിനേഷൻ |
| 16 | 17 | 4012 | ഉറവിടനശീകരണം, ക്ളോറിനേഷൻ |
| 17 | 18 | 8225 | ഉറവിടനശീകരണം, ക്ളോറിനേഷൻ |
| 18 | 19 | 5637 | കാട് വെട്ടി വൃത്തിയാക്കൽ, |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ക്യാമ്പ് |
| | ആകെ | 1,15,507/-രൂപ | |

4.ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലോറിനേഷൻ നടത്തിയതിന് ക്ലോറിൻ വാങ്ങിയതിന്റെ ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5.പ്രവൃത്തികളുടെ മസ്റ്റർ റോൾ സൂക്ഷിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശമനുസരിച്ച് വാർഡ്തല മഴക്കാല പൂർവ്വകാമ്പയിനുകളും ശുചിത്വ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്തവും സെക്രട്ടറിക്ക് തന്നെ ആണെന്നും നിഷ്കർഷിക്കുന്നു.എന്നാൽ സെക്രട്ടറിയുടെ ഭാഗത്ത് നിന്നും ഉത്തരവാദിത്തക്കുറവ് സംഭവിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അംഗീകരിക്കാത്ത ചെലവ് എത്രയും വേഗം തിരിച്ചടച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-12 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടത്തിയ പ്രോജക്ടുകൾ- 4,06,035/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല

വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ഫണ്ടിനം. | ബില്ല്-ചെക്ക് നം./തീ | തുക (രൂപ) | കെ.എം. സി.എൽ പ്രോഫോമ നം.തീ | കെ.എം. സി.എൽ. രസീത് നം./തീയതി | ലഭിക്കു വാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|---|
| 1. | 45/18- പാലിയേറ്റീവ് കെയർ -പൊതുവിഭാഗം | 3/17-18 -24.10.17 | 2,92,873 | 1506/ 21.10.17 1508/ 21.10.17 | 1890/ 24.10.17 | 1,56,035 |
| 2. | 48/18- ജീവിത ശൈലിരോഗം | 7/17-18-31.10.17 | 1,50,000 | 1625/ 25.10.2017 | യു.ടി.ആർ. 296830998/ 31.10.17 | 1,50,000 |
| 3. | 53/18 -മരുന്ന് വാങ്ങൽ റോഡിതരം | 6/18-31.10.17 | 1,00,000 | 1637/ 25.10.2017 | 2040/ 31.10.2017 | 1,00,000 |
| | | | | | ആകെ തുക | 4,06,035 /-രൂപ |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ. അധികാരികൾക്ക് കത്ത് അയച്ചിട്ടുള്ളതായും താമസംവിനാ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമെന്നും ചുമതലപ്പെട്ടവർ ബോധിപ്പിച്ചു. ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിൽ എടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-13 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി –പ്രവർത്തനമില്ല

2017-2018 വർഷത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം കൂടിയിട്ടില്ല.

പാലിയേറ്റീവ് പ്രചരണ പ്രവർത്തനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ (സ.ഉ.(സാധാ)നം.3217/2015/തസ്വഭവ തീ.29.10.2015.) പ്രകാരം രണ്ട് മാസത്തിൽ ഒരിക്കലോ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം കൂടി , പാലിയേറ്റിവ് പ്രവർത്തനം വിലയിരുത്തി ,പോരായ്മകൾ പരിഹരിയ്ക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ മാനേജ്മെന്റ് കമ്മിറ്റി നൽകേണ്ടതാണ്.ദ്വൈമാസയോഗത്തിൽ വച്ച് അടുത്ത രണ്ട് മാസത്തേയ്ക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതായും നിർദ്ദേശമുണ്ട്.മെമ്പർ സെക്രട്ടറിയായ മെഡിക്കൽ ഓഫീസർ ടി യോഗത്തിന്റെ ഹാജർ ,മിനിട്ട്സ് എന്നിവ പരിപാലിക്കേണ്ടതാണ്. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം ഉറപ്പാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടില്ല. ദുരിതമനുഭവിക്കുന്ന ജനവിഭാഗത്തിന് കൈത്താങ്ങാകുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് കമ്മിറ്റിയ്ക്ക് ഉത്തരവാദിത്വമുണ്ട്. ആയതിനുള്ള നടപടികൾ വീഴ്ച കൂടാതെ സ്വീകരിക്കേണ്ടതാണ്.

## 3-14 <u>പുറമ്പോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5) , 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയുമായി ബന്ധപ്പെട്ട് താഴെ രേഖപ്പെടുത്തിയ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1. 17.05.2017 (തീരു:13)-പട്ടയ നടപടികൾക്കായി പാലക്കടവ് ജയന്തികോളനിയിൽ സുദർശനൻ പിള്ള സമർപ്പിച്ച അപേക്ഷയിൻമേൽ തുടർ നടപടിയ്ക്കായി സെക്രട്ടറിയെ ചുമതലപ്പെടുത്തി.
2. മേൽ തീയതിയിലെ (തീരു :35)-ഐ.ടി.വാർഡ്- പുറമ്പോക്ക് ഭൂമിയിൽ വസിയ്ക്കുന്ന കുന്നുമ്പുറത്ത് പുതുവൽ വീട്ടിൽ അമീർ മൻസിലിൽ സിയാദ് പരീക്ക് എന്ന വ്യക്തിയ്ക്ക് ലൈഫ് മിഷനിൽ വസ്തുവും വീടും നൽകുന്നതിന് തീരുമാനം.

ടി വിഷയവുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3/09.10.2018) ലഭ്യമാക്കിയ മറുപടിയിൽ പുറമ്പോക്ക് രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ വികസനസാധ്യതകൾക്ക് പ്രയോജനപ്പെടുത്തുവാൻ ലഭ്യമായ പുറമ്പോക്ക് ഭൂമിയുടെ കൃത്യമായ വിവരം നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഭൂമിയുടെ രേഖകളുടെ കൃത്യത ബോധ്യപ്പെടാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം ,നിർമ്മാണ പ്രവർത്തനങ്ങൾ , കൈയേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുമെന്നതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെ

സംരക്ഷണം, നിബന്ധനകൾ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 16.05.2018 ലെ സി2/15471/2018 നം.സർക്കുലറിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിയ്ക്കേണ്ടതാണ്.

## 3-15 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്.ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും , അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പിന്റെ 13.01.2010ലെ 58608/ഡി.ബി2/09 നം. സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്ററും പരിപാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

2017-18 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആഴം കൂട്ടിയ എട്ടാം വാർഡിലെ ഗ്രാമപഞ്ചായത്ത് കുളം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/9.10.2018) ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 2.08.2018 തീയതിയിലെ ജെ.22682/18 കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചതായും കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉടൻ തന്നെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്നും അറിയിച്ചു.

ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2016-17 | 160000 | പ്ലാസ്റ്റിക്ക് ബെയ് | 0 | 160000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ലിംഗ് മെഷീൻ | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 7,22,500 | സമഗ്രനെൽകൃഷി വികസനം | 7,22,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4,00,000 | പാലിന് സബ്സിഡി | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,20,000 | പാലിന് സബ്സിഡി | 1,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 650000 | പൊലിയോപൊലി - ട്രാക്ടർ വാങ്ങൽ | 6,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 75000 | സ്കോളർഷിപ്പ് | 75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 75,000 | സ്കോളർഷിപ്പ് | 75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | അംഗനവാടി പോഷകാഹാരം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | ബഡ്സ് സ്കൂൾ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,00,000 | വറട്ടുചിറ കുളം ഓട കവറിംഗ് സ്ളാബ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,75,000 | സ്വാമിക്കടമക്ക് ഞാറോട റോഡ് | 1,75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,75,000 | സ്വജലധാര പാറക്കടവ് റോഡ് | 1,75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | ഇടയ്ക്കാട്ടുവിള റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,75,000 | 13-ാം നമ്പർ അംഗൻവാടി ഏലാ റോഡ് | 1,75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,25,000 | പാലിയേറ്റീവ് പരിചരണം | 1,18,900 | 6100 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,75,000 | പൗർണ്ണമി പാലക്കടവ് റോഡ് | 1,75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3,40,000 | മാലിന്യം-വാഹനം | 3,40,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,41,000 | ബഡ്സ് സ്കൂളിന് സാധനം | 0 | 1,41,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,60,000 | പ്ലാസ്റ്റിക് വെയിംങ് മെഷീൻ | 0 | 1,60,000 |

2016-17 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള തുകകൾ കൂടി ചെലവുള്ളതിനാൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് RP-31-ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ICDS-ന് നൽകിയ ചെക്ക് മടങ്ങിയത് വരവായി എടുത്തതിനാൽ 5,200/-രൂപ വ്യത്യാസമുണ്ട്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുടിവെള്ള പദ്ധതി | 28/17-18/ 28.3.18 | 6,70,443 | 4,97,650 | 1,72,793 |
| വാട്ടർ അതോറിറ്റി | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 24/17-18/ 16.1.18 | 10,22,283 | ----- | 10,22,283 |
| അനെർട്ട് | സോളാർ പാനൽ ഇൻസ്റ്റലേഷൻ | 38/17-18/ 27.2.18 | 4,67,500 | ------- | 4,67,500 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ | 22/17-18/ 16.1.18<br>34/17-18, 24.2.18 | 2,98,178 | ------ | 29,817 |
| വാട്ടർ അതോറിറ്റി | പട്ടികജാതി സങ്കേതത്തിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 22/17-18/ 20.3.18 | 4,00,000 | 3,37,062 | 62,938 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 316/2010 തീയതി 28.01.2010 | 1,91,62,500 | 40,25,442 | 20,51,147 | | 19,74,295 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,656/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| 2013-14 & 2014-15 | 2-2 | 250/- | ശ്രീ.ഗിവർഗ്ഗീസ് എച്ച്.എം. | 117060102396 തീയതി.13.09.17 |
| 2016-17 | 3-6 | 1212/- | ശ്രീ.ബി.പി വിജയകുമാർ അക്കൗണ്ടന്റ് | 1170601041 തീയതി 04.02.17 |
| 2016-17 | 3-6 | 986/- | ശ്രീമതി.ബീനാ രാജൻ സീനിയർ ക്ലാർക്ക് | 117060104197 തീയതി 06.12.17 |
| 2016-17 | 3-6 | 1038/- | ശ്രീമതി. ഷിബി ജൂനിയർസൂപ്രണ്ട് | 117060104316 തീയതി 12.12.17 |
| 2016-17 | 3-6 | 170/- | ശ്രീ.ജോസ് ഗബ്രിയേൽ സീനിയർ ക്ലാർക്ക് | 117060104368 തീയതി 14.12.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3.17.1 | ഖാദിവ്യവസായ സഹകരണ സംഘത്തിന് തുക അനുവദിച്ചത് | ഇതുമായി ബന്ധപ്പെട്ട് 2.12.10 ൽ WP(cc) 39831/10 നം. കേസ് നിലവിലുള്ളതിനാൽ റവന്യൂറിക്കവറി നടപടി സ്വീകരിക്കുവാൻ സാധിക്കുന്നില്ല. |
| 2003-04 | 3-18,3-20,3-22 | 2007-08 | 3(6)(2), 3(7)(1) | റോഡ് നിർമ്മാണം തുക അധികം നൽകിയത്(3-18,3-20),കോളനിപ്രദേശങ്ങളിലെ മണ്ണ് സംരക്ഷണം പ്രോജക്ടിന് വിരുദ്ധമായി തുക ചെലവഴിച്ചത്(3-22). | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2005-06 | 3-24,3-25 | 2007-08 | 3.6.2 | റോഡ് നിർമ്മാണം തുക അധികം നൽകിയത് (പൊതുപരാമർശം) | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-11 | 2008-09 | 3.5.3 | ബാന്റ്ഗ്രൂപ്പ് രൂപീകരണവും ക്രമവിരുദ്ധമായ ചെലവും | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,96,85,525 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,31,93,023 |
| വരവിനങ്ങളിലുള്ള നഷ്ടം | 47,400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,27,377 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,23,533 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 47,400 | | ശ്രീ. ബാബുരാജ്, സെക്രട്ടറി |
| 3-2 | | 81,250 | ശ്രീ. ബാബുരാജ്, സെക്രട്ടറി |
| 3-4 | | 10,000 | ശ്രീ.ബൈജു.ജി,കൃഷിഓഫീസർ |
| 3-5 | | 7,000/- | ശ്രീ.ഡി.ബിജു,ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-10 | | 29,127/- | ശ്രീമതി.കാർത്തികാ സത്യൻ,<br>എ.ഇ എൻ.ആർഇ ജി എസ്,<br>ശ്രീമതി.സംഗീത.എസ്, ഓവർസിയർ,<br>എൻ.ആർ.ഇ. ജി. എസ്, |
| ആകെ | 47,400/- | 1,27,377/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ആളുടെ പേരും ഉത്തരവാദിയായ ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 103305/- | ശ്രീ. ബാബുരാജ്, സെക്രട്ടറി |
| 3-2 | 1,17,500/- | ശ്രീ. ബാബുരാജ്, സെക്രട്ടറി |
| 3-3 | 99,750/- | ശ്രീ.ജി.ബൈജു,കൃഷിഓഫീസർ |
| 3-7 | 7,25,000/- | ശ്രീമതി.സാടിയ വാഷിംഗ്ടൺ വെറ്റിനറിസർജൻ |
| | 20,77,978/- | ശ്രീ. ബാബുരാജ്, സെക്രട്ടറി |
| ആകെ | 31,23,533/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദി കളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബുരാജ്, സെക്രട്ടറി | സെക്രട്ടറി ,<br>പെരിനാട്<br>ഗ്രാമപഞ്ചായത്ത് | നികേതം,<br>പെരുമ്പുഴപി.,<br>കുണ്ടറ |
| ശ്രീ.ഡി.ബിജു,<br>ഡയറി ഫാം ഇൻസ്ട്രക്ടർ ഇൻസ്ട്രക്ടർ | ------ | ദീപാ ഭവനം,<br>വാക്കനാട്.പി.ഒ,<br>കൊല്ലം |
| ശ്രീമതി.കാർത്തികാ സത്യൻ,എ.ഇ,<br>എൻ.ആർ.ഇ. ജി എസ് | എ.ഇ, എൻ.ആർ.ഇ. ജി<br>എസ്, പെരിനാട് | കാർത്തികാ നിവാസ്,<br>കണ്ടച്ചിറ<br>പെരിനാട്.പി.ഒ, കൊല്ലം |
| ശ്രീമതി.സംഗീത.എസ്,<br>ഓവർസിയർ,<br>എൻ.ആർഇ ജി എസ്, | ഓവർസിയർ,<br>എൻ.ആർ.ഇ ജി എസ്,<br>പെരിനാട് | കവിതാ ഭവനം, കുഴിയം<br>സൗത്ത് ,<br>ചന്ദനത്തോപ്പ്.പി.ഒ,<br>കൊല്ലം |
| ശ്രീ.ബൈജു,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>പെരിനാട്<br>ഗ്രാമപഞ്ചായത്ത് | ബിജു നിവാസ്<br>അഷ്ടമുടി.പി.ഒ,<br>കൊല്ലം |
| ശ്രീമതി.സാടിയ വാഷിംഗ്ടൺ<br>വെറ്റിനറിസർജൻ | വെറ്റിനറിസർജൻ<br>പെരിനാട്<br>ഗ്രാമപഞ്ചായത്ത് | അജയഭവൻ,<br>കേരളപുരം,വെള്ളിമൺ.<br>പി.ഓ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി4/441(1)/18 /6-4-18 | 2 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി4/441(2)/18 /6-4-18 | 1 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി4/441(3)/18 /6-4-18 | 3 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി4/441(5)/18 /6-4-18 | 5 |
| 2002-03 | എൽ.എഫ്.ക്യു.പി2/1366/ 2014/23.06.2014 | 6 |
| 2003-04 | എൽ.എഫ്.ക്യു.പി2/1366/ 2014/23.06.2014 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി4/441(6)/18 /6-4-18 | 4 |
| 2005-06 | എൽ.എഫ്.ക്യു.പി2/1366/ 2014/23.06.2014 | 22 |
| 2006-07 | എൽ.എഫ്.ക്യു.പി2/1366/ 2014/23.06.2014 | 17 |
| 2007-08 | എൽ.എഫ്.ക്യു.പി2/1864/ 2014/16.10.2014 | 5 |
| 2008-09 | എൽ.എഫ്.ക്യു.പി2/1864/ 2014/16.10.2014 | 5 |
| 2009-10 | എൽ.എഫ്.ക്യു.പി2/1864/ 2014/16.10.2014 | 7 |
| 2010-11 2011-12 | കെ.എസ്.എ.കെ.എൽ.എം.പി2/159 /17,20.06.2017 | 11 |
| 2012-13 | എൽ.എഫ്.ക്യു.പി2/1537/14/ 15.07.15 | 11 |
| 2013-14&14-15 | കെ.എസ്.എ.കെ.എൽ.എം.പി.2-1564/16 /10.5.17 | 8 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.4-1837/16 /27.12.17 | 10 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.4-1615/17 /28.03.18 | 14 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

നം:കെ.എസ്.എ.കെ.എൽ.എം.പി.4-1804/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി: 06/02/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്